പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3654

15.12.2014 ൽ മറുപടിയ്ക്ക്

**ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ**

| ചോദ്യം<br>ശ്രീ. കെ. കെ. ജയചന്ദ്രൻ | | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|
| എ) ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ യോഗത്തിൽ പങ്കെടുത്തവർ ആരെല്ലാം;<br><br>ബി) യോഗത്തിന്റെ തീരുമാനങ്ങൾ എന്തൊക്കെയാണ്; | എ) & ബി) | ഉണ്ട്. യോഗത്തിൽ പങ്കെടുത്തവരുടെ വിവരങ്ങളും യോഗ തീരുമാനങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| സി) ഇവയിൽ ഏതൊക്കെ തീരുമാനങ്ങൾ നടപ്പിൽ വരുത്തി; | സി) | പ്രസ്തുത തീരുമാനങ്ങളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. |
| ഡി) ഓരോ തീരുമാനങ്ങളും നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടി വിശദീകരിക്കുമോ;<br><br>ഇ) യോഗത്തിന്റെ തീരുമാനങ്ങൾ അടിയന്തിരമായി നടപ്പിൽ വരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) & (ഇ) | • ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാർക്ക് അപ്ഗ്രേഡേഷൻ നൽകിയപ്പോൾ 5% ഫിറ്റ്മെന്റ് ബെനിഫിറ്റ് അനുവദിച്ച നടപടി സാധൂകരിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ആയത് പരിഗണിക്കേണ്ടതില്ല എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ സമർപ്പണത്തിലാണ് |

- ഇൻഫർമേഷൻ കേരള മിഷന് ലഭിക്കേണ്ട മെമ്പർഷിപ്പ് ഫീ പിരിച്ചെടുക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളൂ. ആയത് പിരിച്ചെടുത്തു കഴിഞ്ഞാൽ മാത്രമേ 92.08 കോടി രൂപ ഇൻഫർമേഷൻ കേരള മിഷനിൽ തന്നെ നിലനിർത്തുന്നതിനും പ്രസ്തുത തുക 10 വാർഷിക ഗഡുക്കളായി സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുന്നതിന് സാവകാശം നൽകുന്നതിനുമുള്ള പ്രൊപ്പോസൽ മന്ത്രിസഭാ യോഗത്തിനു മുമ്പാകെ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ.
- ഇൻഫർമേഷൻ കേരള മിഷന്റെ റീസ്ട്രക്ച്ചറിംഗുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനായി രൂപീകരിച്ച കമ്മിറ്റി റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. ടി റിപ്പോർട്ട് അംഗീകരിച്ചതിനുശേഷം മാത്രമേ ടെക്നിക്കൽ ഡയറക്ടർ, ഇംപ്ലിമെന്റേഷൻ ഡയറക്ടർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**